LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിലെ താൽക്കാലിക ബോട്ടുജെട്ടികളുടെ സ്ഥാനത്ത് സ്ഥിരം കോൺക്രീറ്റ് ജെട്ടി സ്ഥാപിക്കുന്നതിന് നടപടി

55 (2153) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ താൽക്കാലിക ബോട്ടുജെട്ടികളുടെ സ്ഥാനത്ത് സ്ഥിരം കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വിശദമാക്കുമോ ;

(ബി) കോൺക്രീറ്റ് ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ;

(സി) ഈ വിഷയം സംബന്ധിച്ച് 30-5-2010-ൽ കൂടിയ വെള്ളപ്പൊക്ക ദുരിതാശ്വാസ സമിതി യോഗത്തിലെ തീരുമാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുമതി നൽകുന്നതാണ്.

കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

56 (2154) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷക്കാലത്ത് സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര കിലോമീറ്റർ തീരപ്രദേശം കടലാക്രമണത്തിന് വിധേയമായിട്ടുണ്ട് ;

(ബി) ഇതിൽ കടൽഭിത്തിയുള്ളതും ഇല്ലാത്തതുമായ പ്രദേശങ്ങൾ എത്ര കിലോമീറ്റർ വീതമാണ് ;

(സി) കടൽഭിത്തി ഇല്ലാത്തതുമൂലം കടലാക്രമണം രൂക്ഷമായ എത്ര കിലോമീറ്റർ ദൂരം കടൽഭിത്തി കെട്ടുവാനുണ്ട് ;

(ഡി) കടലാക്രമണം തടയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന തീരപ്രദേശങ്ങൾ ഇക്കഴിഞ്ഞ കാലവർഷക്കാലത്ത് കടലാക്രമണത്തിന് വിധേയമായി. തിരുവനന്തപുരം ജില്ലയിൽ വർക്കലയിൽ പാപനാശം മുതൽ കാപ്പിൽ വരെയും ആറ്റിങ്ങൽ മുതലപ്പൊഴി മുതൽ അഞ്ചുതെങ്ങ് വരെയും പുന്തുറ മുതൽ ശംഖുമുഖം വരെയും പനത്തുറക്കര, പൊഴിയൂർ എന്നീ സ്ഥലങ്ങളിലായി ആകെ 17.6 കി.മീ നീളത്തിലും ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ, അനന്തപുഴ അമ്പലപുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, ആലപ്പുഴ മുനിസിപ്പാലിറ്റി മാരാരിക്കുളം വടക്ക് മാരാരിക്കുളം തെക്ക് അന്ധകാരനഴി എന്നീ സ്ഥലങ്ങളിലായി 5 കി.മീ. നീളത്തിലും കൊല്ലം ജില്ലയിൽ ഇരവിപുരത്ത് കൊച്ചുതോപ്പ് താന്നിയിൽ മുക്കത്ത് ശക്തികുളങ്ങര നീണ്ടകര പുത്തൻ തുറ കോവിൽതോട്ടം കാട്ടിൽ ക്ഷേത്രം പണിയൂർ കടവ് അഴിയ്ക്കൽ ആലപ്പാട്ട് എന്നീ സ്ഥലങ്ങളിലായി 4.75 കി.മീ. നീളത്തിലും എറണാകുളം ജില്ലയിൽ ചെല്ലാനം ദ്വീപിന്റെ വിവിധ ഭാഗങ്ങളിലും മുനമ്പ് മുതൽ പുതുവൈപ്പ് വരെയും കൊടുങ്ങല്ലൂർ താലൂക്കിലെ ശ്രീകൃഷ്ണമുഖം ക്ഷേത്രത്തിനു വടക്ക് കമ്പിനിക്കടവ് അഞ്ചങ്ങാടി എന്നീ ഭാഗങ്ങളിലും ചാവക്കാട് താലൂക്കിൽ മുനക്കക്കടവ് മുതൽ ചേറ്റുവ വരെയും വെളിച്ചെണ്ണ പടി, ആശുപത്രി പടി, തോളിവളവ്, അനന്ദവാടി, ഏങ്ങണ്ടിയൂർ വാടാനപ്പള്ളി തളിക്കുളം എന്നീ പഞ്ചായത്തുകളിലായി 18.50 കി.മീ. നീളത്തിലും കോഴിക്കോട് ജില്ലയിൽ കടലുണ്ടി പഞ്ചായത്തിലെ വാക്കടവ് ബേപ്പൂർ പഞ്ചായത്തിലെ കൈതവളപ്പ് ഗോതീശ്വരം-കോഴിക്കോട് കോർപ്പറേഷനിലെ പുതിയങ്ങാടി, കോയാറോട് - ബീച്ച്- അത്താണിക്കൽ ബംഗ്ലാദേശ് കോളനി, കോതി ബീച്ച്, ചേമഞ്ചേരി പഞ്ചായത്തിലെ കാപ്പാട് ബീച്ച്, ചെങ്ങോട്ടുക്കാവ് പഞ്ചായത്തിലെ കാവലാട് ബീച്ച്, എടിക്കൽ ബീച്ച്, പാറക്കൽ താഴെ ബീച്ച്, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ചെറിയമങ്ങാട്, വലിയപ്പള്ളി ഗുരുകുലം (ചെറിയ തോട്, വലിയ തോട്) കൊല്ലം അരയൻകാവ് വടകര മുനിസിപ്പാലിറ്റിയിലെ പാലേരിവളപ്പ്, മുഖച്ചേരി, ചോറോട് പഞ്ചായത്തിലെ പള്ളിതാഴം, കുറയാടി എന്നീ സ്ഥലങ്ങളിലായി 8.00 കി.മീ. നീളത്തിലും കണ്ണൂർ ജില്ലയിലെ എടികുളം പുതിയങ്ങാടി, നീരൊഴുക്കുചാൽ, കക്കാടൻചാൽ മാട്ടൂൽ അഴിക്കൽ മീൻകുന്ന്, പയ്യാമ്പലം, ഏഴരക്കടപ്പുറം, കടലായി പരീക്കടവ്, പാച്ചാക്കര തലശ്ശേരി പരിമഠം തലായിപെട്ടിപ്പാലം എന്നീ സ്ഥലങ്ങളിൽ 38.837 കി.മീ. നീളത്തിലും കാസർഗോഡ് ജില്ലയിൽ മണിമുന്ന നൻകികൊപാള, പെർവാഡ്, ഷിറിയ ഉപ്പള, ചെമ്പതിക്ക കല്ലൻവളപ്പ്, കീഴൂർ, കന്നികടപ്പുറം, ജുമാ കടപ്പുറം, അജാന്നൂർ കടപ്പുറം, തൈക്കടപ്പുറം വലിയപറമ്പ് പള്ളിക്കര എന്നീ സ്ഥലങ്ങളിലായി 20.50 കി.മീ. നീളത്തിലും മലപ്പുറം ജില്ലയിൽ പുത്തനങ്ങാടി ബീച്ച് ഉണ്ണിയാൻ കടപ്പുറം തേവർ കടപ്പുറം പുതിയ കടപ്പുറം പെരിമ്പടപ്പ് പഞ്ചായത്തിലെ പാലപ്പെട്ടി, പടിഞ്ഞാറൻ റെക്കെ ബീച്ച് എന്നിവിടങ്ങളിലായി 2.625 കി.മീ. നീളത്തിലും തീരപ്രദേശം കടലാക്രമണത്തിനു വിധേയമായി. ഇത്തരത്തിൽ സംസ്ഥാനത്താകെ മൊത്തം 115.81 കി.മീ. നീളത്തിൽ തീരപ്രദേശം കടലാക്രമണത്തിനു വിധേയമായിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ആകെ 91.472 കി.മീ. നീളത്തിൽ കടൽഭിത്തിയുള്ളതും ബാക്കി 24.338 കിമീ. നീളത്തിൽ കടൽഭിത്തി ഇല്ലാത്തതുമായ പ്രദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 22.848 കിമി. നീളത്തിൽ പുതിയ കടൽഭിത്തിയും 35 പുലിമുട്ടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഇനിയും കടലാക്രമണം തടയുന്നതിനായി വിവിധ സ്ഥലങ്ങളിലായി സംസ്ഥാനമൊട്ടാകെ 80 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാനുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമായും 12-ാം ധനകാര്യകമ്മീഷൻ അവാർഡ്, സുനാമി പുനരധിവാസ പദ്ധതി, ഗംഗതട സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള അടിയന്തര കടലാക്രമണ പ്രതിരോധ പദ്ധതി എന്നീ സ്കീമുകളിൽപ്പെടുത്തിയാണ് കടൽഭിത്തിയുടെ നിർമ്മാണവും പുനരുദ്ധാരണവും പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയത്. മേൽ സ്കീമുകളിലെല്ലാം കൂടി ആകെ 22.848കി.മീ. നീളത്തിൽ പുതിയ കടൽഭിത്തിയുടെ പുനരുദ്ധാരണവും പൂർത്തിയാക്കി. കൂടാതെ 35 പുലിമുട്ടുകളും നിർമ്മിച്ചു. ഇവയ്ക്കെല്ലാമായി ആകെ 285.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പണികൾ സ്തംഭിക്കുന്നതിനെതിരെ നടപടി

57 (2155) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ കരാറുകാർക്ക് പേമെന്റ് കുടിശ്ശിക നൽകാത്തതുമൂലം പണികൾ സ്തംഭിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ നവംബർ 30 വരെ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(ഡി) മുടങ്ങിക്കിടക്കുന്ന പണികൾ എത്രയും വേഗം പുനരാരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഒഴികെ ജലവിഭവ വകുപ്പിൽ കരാറുകാർക്ക് പേമെന്റ് കുടിശ്ശിക നൽകാത്തതുമൂലം പണികൾ സ്തംഭിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (61,87,750 രൂപ)

ചീഫ് എഞ്ചിനീയർ പ്രോജക്ട് -1 (10,55,00,000) രൂപ

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)- (21,21,28,301 രൂപ)

LIBRARY ARCHIVES Kerala Legislative Assembly